# ആധുനിക കാലത്തിൽ സംസ്കൃതത്തിന്റെ അനിവാര്യത

ഡോ.കെ.ഉണ്ണികൃഷ്ണൻ , തിരുവനന്തപുരം

ലോകരാഷ്ട്രങ്ങൾക്ക് എക്കാലത്തും വിജ്ഞാനത്തിന്റെ വിളക്കു തെളിയിച്ച വിശ്വഗുരുവാണ് ഭാരതം. ആധ്യാത്മികതയുടെ സുദൃഢമായ അടിത്തറയുള്ള ശാസ്ത്രവിജ്ഞാനം ഭാരതത്തിന്റെ പൈതൃക സമ്പത്താണ്. ജ്ഞാനഭാനുവിന്റെ നിത്യോപാസനയിലാനന്ദിച്ച ഭാരതം താളിയോലകളായി സംഗ്രഹിച്ചിരിക്കുന്ന വിജ്ഞാനഭണ്ഡാരത്തിലേക്ക് ആധുനികശാസ്ത്രംപോലും അത്യാകാംക്ഷയോടെ ഉറ്റുനോക്കുന്നു. ഈ വിജ്ഞാനാമൃതം ലോകത്തിനു പകർന്നുനൽകിയതാകട്ടെ വിശ്വജനനിയായ സംസ്കൃതഭാഷയിലൂടെയാണെന്നത് ആ ഭാഷയുടെ മഹത്വത്തെ വെളിവാക്കുന്നു.

സമൃത് കൃതം (നല്ലവണ്ണം ചെയ്യപ്പെട്ടത്) എന്നാണ് സംസ്കൃതപദത്തിന്റെ വ്യുല്പത്തി. സംഭാഷണം ചെയ്യപ്പെടുന്നതേതാണ് അതാണ് ഭാഷ (ഭാഷ്യതേ അനയാ ഇതി ഭാഷ) ആസേതുഹിമാലയം ഭാരതീയരുടെ വ്യവഹാരഭാഷയായിരുന്നു സംസ്കൃതം എന്ന് വ്യാകരണമഹാഭാഷ്യത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ കാലടിയിൽ ജനിച്ച ശങ്കരാചാര്യർക്ക് കാശ്മീരപര്യന്തം തന്റെ ദിഗ്വിജയപ്രയാണത്തിൽ സംസ്കൃതസിംഹനാദം മുഴക്കി പണ്ഡിതഗജങ്ങളെ നതമസ്തകരാക്കാൻ കഴിഞ്ഞത്. ഭാഷ എന്നതിന്റെ പര്യായപദം തന്നെയായിരുന്നു ഒരു കാലത്ത് ഈ ഭാഷ. ഭാരതീയഭാഷകളിലെല്ലാം ഈ അമരവാണിയുടെ ജീവനരസം നിറഞ്ഞുനിൽക്കുന്നുവെന്നതിൽ അതിശയോക്തി ലേശമില്ല. സംസ്കൃതത്തെപ്പോലെ അതിവിസ്തൃതമായ ശബ്ദകോശം മറ്റൊരു ഭാഷയ്ക്കുമവകാശപ്പെടാനില്ലെന്നതുതന്നെ ഈ ഭാഷയുടെ മഹത്വത്തെ വെളിപ്പെടുത്തുന്നു.

ഇൻഡോ - യൂറോപ്യൻ ഭാഷാശാഖകളിൽ ഏറ്റവും പ്രാചീനമായ സംസ്കൃതം മറ്റു ഭാഷകളിൽ ഒട്ടൊന്നുമല്ല സ്വാധീനം ചെലുത്തിയത്. എല്ലാ ഭാരതീയഭാഷകളിലും 50% സംസ്കൃതപദങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മാതൃ (ങമ്യേ) എന്ന സംസ്കൃതപദത്തിൽ നിന്ന് ലാറ്റിനിൽ മാറ്റർ (ങമലേ്യ) എന്നും ഇംഗ്ലീഷിൽ മദർ (ങീവേല്യ) എന്നുമുരുത്തിരിഞ്ഞത് ഈ ദൃഷ്ടാന്തത്തെ അരക്കിട്ടുറപ്പിക്കുന്നു. കേരളത്തിന്റെ മാതൃഭാഷയായ മലയാളമാകട്ടെ സംസ്കൃതമാതാവിന്റെ വാത്സല്യം നിത്യം നുകർന്ന് ഇന്നും പരിലസിക്കുന്നു. സംസ്കൃതവും മലയാളവും ഇടകലർന്ന മണിപ്രവാളത്തിന് കേരളത്തിലുായിരുന്ന മഹത്തായ സ്ഥാനം സ്മർത്തവ്യമാണ്. കേരളത്തിലെ പാഠശാലകളിൽ മലയാളത്തോടൊപ്പംതന്നെ സംസ്കൃതത്തിനും സ്ഥാനം നൽകിയിരുന്നു. ആഷഷികാലം മുതൽക്കുതന്നെ ഭാരതത്തിന്റെ രാഷ്ട്രഭാഷയായിരുന്ന ഈ സുരവാണിക്ക് 2000 വർഷങ്ങൾക്കു മുമ്പ് പാണിനിമഹർഷി വ്യവസ്ഥാപിതമായ വ്യാകരണം രചിച്ചു. 'സംസ്കൃതം നാമ ദൈവീവാക് അന്വാഖ്യാതാ മഹർഷിഭിഃ' എന്ന് ദണ്ഡി കാവ്യാദർശത്തിൽ സംസ്കൃതത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു.

യദിവാചം പ്രദാസ്യാമി ദ്വിജാദിരിവ സംസ്കൃതാം

രാവണം മന്യമാനാ മാം സീതാ ഭീതാ ഭവിഷ്യതി (രാമായണം/സുന്ദരകാണ്ഡം 30/15)

എന്ന് രാമായണത്തിൽ പരാമർശിച്ചിരിക്കുന്നത് സംസ്കൃതത്തിന്റെ പഴമയെയാണ് കാണിക്കുന്നത്. മറ്റു ഭാഷകൾ ഈ വിശ്വഭാഷയുടെ മാധുര്യവും വാത്സല്യവും ആവോളം നുണഞ്ഞതുകൊണ്ട് സംസ്കൃതം സർവഭാഷാജനനിയായി അവരോധിക്കപ്പെട്ടത്. അപാരസാഗരം പോലെ അഗാധവും വിശാലവുമായ സംസ്കൃതവാങ്മയം നാടകം, ചരിത്രം, കാവ്യം, തത്ത്വശാസ്ത്രം, പശുപക്ഷികഥാ ശാസ്ത്രം എന്നിങ്ങനെ അനവധി അമൂല്യരത്നങ്ങളെ ഉൾക്കൊണ്ടിരിക്കുന്നു. ആധുനികശാസ്ത്രത്തിന്റെ സംഭാവനയെന്ന് അഭിമാനിക്കപ്പെടുന്ന നിരവധി ശാസ്ത്രസത്യങ്ങൾ അനേകായിരം വർഷങ്ങൾക്കു മുമ്പ് വേദേതിഹാസപുരാണാദികളിൽ വ്യക്തമാക്കപ്പെട്ടിട്ടു്. ഹൃദയമെന്ന പേരു തന്നെ ഹൃദയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് (ഹൃ-ഹരതി (സ്വീകരണം), ദ-ദദാതി (കൊടുക്കുക), യ-യാതി (സഞ്ചരിക്കുക) ഭാരതീയർ മനസ്സിലാക്കിയിരുന്നുവെന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. യശദം (സിങ്ക്), നാകം (ലെഡ്), താമ്രം(ചെമ്പ്), അയസ് (ഇരുമ്പ്), കാംസ്യം (ബ്രോൺസ്), വങ്കം (ടിൻ), പിത്തളം (പിത്തള) എന്നിങ്ങനെ പല ലോഹങ്ങളെക്കുറിച്ചും സംസ്കൃതഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടു്. തുരുമ്പു പിടിക്കാത്ത ഇരുമ്പിന്റെ നിർമ്മാണം, വിവിധ ലോഹങ്ങളുടെയും രസത്തിന്റെയും സംസ്ക്കരണം തുടങ്ങിയ പല വിഷങ്ങളും ഭാരതീയർക്ക് ഗ്രാഹ്യമായിരുന്നു. ഭാരതീയ ചികിത്സാശാസ്ത്രമായ ആയൂർവ്വേദം ഇന്ന് ലോകമെങ്ങും ജനപ്രിയമായിരിക്കുകയാണ്. മനുഷ്യചികിത്സപോലെതന്നെ മൃഗചികിത്സയ്ക്കും, വൃക്ഷചികിത്സയ്ക്കും ഭാരതീയർ പ്രാധാന്യം നൽകിയിരുന്നു. ഗജചികിത്സ, അശ്വചികിത്സ, വൃക്ഷചികിത്സ ഇവയിലെല്ലാമുള്ള നൈപുണ്യം ആയുർവേദശാസ്ത്രത്തിന്റെ പരിപുഷ്ടിയെ വ്യക്തമാക്കുന്നു. വിശാലവും ഗഹനവുമായ ആശയങ്ങളെ ചിപ്പിക്കുള്ളിലെന്നപോലെ ഒതുക്കിവെക്കാനുള്ള സംസ്കൃതഭാഷയുടെ അന്യാദൃശമായ സാമർത്ഥ്യം സംസ്കൃതത്തിനെ കംമ്പ്യൂട്ടറിന് അനുരൂപമായ ഭാഷയാവുന്നതിനുള്ള സാധ്യത വർദ്ധിപ്പിച്ചിരിക്കുന്നു. ഭൂമിയുടെ ഗോളാകൃതി, സൂര്യരശ്മി ഭൂമിയിലെത്താനെടുക്കുന്ന വേഗത, ഗുരുത്വാകർഷണം, ഭൂമിയുടെ പ്രദക്ഷിണം, അയുടെ മൂല്യം എന്നിങ്ങനെ ഗഹനങ്ങളായ അനേകം വിഷയങ്ങളിൽ ആധുനികോപകരണങ്ങളുടെ അഭാവത്തിലും നമ്മുടെ പൂർവികർ ബോധവാന്മാരായിരുന്നുവെന്നതിൽ നമുക്ക് അഭിമാനം കൊള്ളാം. വേദഗണിതം, ലോഹശാസ്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, രസശാസ്ത്രം, ഭൗമശാസ്ത്രം എന്നിങ്ങനെ സംസ്കൃതപാരാവാരത്തിലുൾപ്പെട്ടിരിക്കുന്ന രത്നങ്ങൾ ഗണനാതീതങ്ങളാണ്. ഗദ്യപദ്യശാഖകളിൽ അത്യന്തം പരിപുഷ്ടമായ സംസ്കൃതം ആർഷഭാരതീയരുടെ വികസിച്ച സംസ്കൃതിയെയാണ് പ്രതിഫലിപ്പിക്കുന്നത് എന്ന് ആർനോൾഡ് ഹെർമാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. മനുഷ്യമസ്തിഷ്കത്തിന്റെ ഏറ്റവും വലിയ അത്ഭുതമാണ് പാണിനിയുടെ അഷ്ടാദ്ധ്യായി എന്ന് മോണിയർ വില്യംസ് അതിശയോക്തിലേശമന്യേ വെളിപ്പടുത്തിയിട്ടു്. സംസ്കൃതം നശിച്ചാൽ ഭാരതരാഷ്ട്രംതന്നെ നശിക്കുമെന്ന ആനി ബസന്റിന്റെ അഭിപ്രായം സംസ്കൃതത്തിന്റെ

പ്രസക്തിയെ പ്രകടമാക്കുന്നതാണ്.

എല്ലാ രാഷ്ട്രങ്ങൾക്കും അതിന്റേതായ ഒരു സംസ്കാരവും അതിനോടു ബന്ധപ്പെട്ട ഒരു ഭാഷയും ഉായിരിക്കും. ഭാരതത്തെ സംബന്ധിച്ച് പറയുമ്പോൾ ഭാരതീയ സംസ്കൃതിയുടെ ആധാരമാണ് സംസ്കൃതവാണി. 'സംസ്കൃതം വിനാ കുതോ ഭാരതീയ സംസ്കൃതിഃ,' 'ഭാരതസ്യ പ്രതിഷ്ഠേ ദ്വേ സംസ്കൃതം സംസ്കൃതിസ്തഥാ' തുടങ്ങിയ ആപ്തവാക്യങ്ങൾ സ്മരണീയങ്ങളാണ്. അനാദികാലം മുതൽക്ക് ഇവിടെ പരന്നൊഴുകിയിരുന്ന ചിരപുരാതനയായ ഈ ഗീർവാണി ഇന്നും നിത്യനൂതനയായി പരിലസിക്കുന്നു. ഭാഷ ഭാഷണം ചെയ്യപ്പെടേതാണെന്നും, സംഭാഷണമാണ് ഭാഷയെ ജീവസ്സുറ്റതാക്കുന്നതെന്നും സംഭാഷണം ശാസ്ത്രപര്യവസായിയാകണമെന്നും അടിയുറച്ചു വിശ്വസിക്കുന്ന ഒരു യുവതലമുറയുടെ അശ്രാന്തപരിശ്രമത്തിലൂടെ ഇന്ന് സംസ്കൃതം ദേശവിദേശങ്ങളിൽ പ്രചരിച്ചുകൊിരിക്കുന്നു. സംസ്കൃതാദ്ധ്യയനത്തിലൂടെ ഓരോ മാനവനും സ്വാർത്ഥത വെടിഞ്ഞ് വിശ്വകല്യാണമെന്ന ഉദാത്തസങ്കല്പം സാക്ഷാത്കരിക്കപ്പെടാൻ യത്നിക്കേതാണ്. ഭാരതത്തിന്റെ സാംസ്കാരികപുനരുജ്ജീവനത്തിനുതകുന്ന ഏകസാധനം സംസ്കൃതമാണെന്നതിൽ രുപക്ഷമില്ല.

ഏതൊരു ഭാഷയുടെയും സ്വത്ത്വമറിയാൻ അതതു ഭാഷയിലൂടെ പഠിക്കേതത്യാവശ്യമാണ്. മാത്രമല്ല, ശ്രവണം, ഭാഷണം, പഠനം, ലേഖനം എന്നീ നാല് ഭാഷാദ്ധ്യയനസോപാനങ്ങളിൽ സംഭാഷണം അത്യന്തം പ്രാധാന്യമർഹിക്കുന്നു. അതുകൊുതന്നെ സംസ്കൃതശിക്ഷണമേഖലയിൽ സംസ്കൃതം സംസ്കൃതഭാഷയിലൂടെ പഠിപ്പിച്ചാൽ മാത്രമേ അദ്ധ്യയനത്തിന്റെ പരിപൂർണ്ണലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. പ്രാദേശികഭാഷയിലുള്ള നിത്യോപയോഗികളായ സംസ്കൃതപദങ്ങൾ സ്വീകരിച്ച് പാണനീയനിയമങ്ങളുല്ലംഘിക്കാതെതന്നെ സംസ്കൃതം സരളമായി സംസാരിക്കാൻ തുടങ്ങിയാൽ മാത്രമേ വ്യാവഹാരികഭാഷയാകുകയുള്ളൂ. എന്നാൽ ഇതിന് വിഘാതമായി നിൽക്കുന്ന ആക്ഷേപങ്ങളാണ് സംസ്കൃതം വർഗീയഭാഷയാണ്, കഠിനഭാഷയാണ്, നിർജ്ജീവഭാഷയാണ് എന്നിവ. ജാതി - മത - വർഗ്ഗ - വർണ്ണ - ദേശ - ഭാഷാ വിവേചനത്തിന്റെ മതിൽക്കെട്ടുകൾ തകർത്ത്, അന്ത്യജാഗ്രജഭേദഭാവന പൊട്ടിച്ചെറിഞ്ഞ്, സമസ്തമാനവരും ഏകോദരസഹോദരങ്ങളായി സംസ്കൃതനൂലിനാൽ ചേർത്തുനിർത്തപ്പെടുന്ന കാലം വിദൂരമല്ല. അപ്പോൾ മാത്രമാണ് 'വിശ്വം ഭവത്യേകനീഡം,' 'വസുധൈവകുടുംബകം,' എന്നീ മഹത്തായ സങ്കല്പങ്ങൾ പൂവണിയുകയുള്ളൂ. അങ്ങനെ വർഗ്ഗവിഭാഗീയചിന്തകൾ വേരോടെ കടപുഴകിയെറിയപ്പെടും. അവിടെ സംസകൃതം വരേണ്യവർഗ്ഗഭാഷയാണെന്ന ആക്ഷേപം അപ്രസക്തമായിത്തീരും. അത്യന്തം സരളമായ സംഭാഷണഭാഷ പ്രൗഢമായ സാഹിത്യഭാഷയിൽ നിന്നും തികച്ചും വിഭിന്നമാണെന്ന യാഥാർത്ഥ്യം ജനങ്ങളിലെത്തിക്കുമ്പോൾ മാത്രമേ സംസ്കൃതം കഠിനം എന്ന ആക്ഷേപത്തിന് പരിഹാരമാവുകയുള്ളൂ. കന്യാകുമാരി മുതൽ കാശ്മീരംവരെ ഭാരതത്തിൽ സദാ സംസ്കൃതകാഹളമലയടിച്ചിരുന്ന ഒരു കാലഘട്ടത്തെ സ്മരിച്ചുകൊ് ഓരോ ഭാരതീയന്റേയും ഹൃദയത്തിൽനിന്ന് സംസ്കൃതനിനാദനിർഝരി പ്രവഹിക്കു

മ്പോൾ സംസ്കൃതം നിർജ്ജീവമാണെന്ന വാദം അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യ പ്പെടും.

ഇടക്കാലത്ത് സംസ്കൃതാധ്യയനാദ്ധ്യാപനപ്രചാരണങ്ങൾക്ക് ചെറിയൊരു കോട്ടം സംഭവിച്ചിരുന്നുവെങ്കിലും ഇന്ന് സംസ്കൃതത്തിന്റെ പുനരുജ്ജീവനകാലമാണ്. സംസ്കൃതം വ്യാകരണനിയമജടിലമെന്ന ഭയം മാറ്റി ശാസ്ത്രാനുസൃതമായിത്തന്നെ അതിന്റെ സരളമുഖത്തെ പരിചയപ്പെടുത്തി, വളരെ എളുപ്പത്തിൽ സംസ്കൃതത്തിൽ പ്രാഥമിക പാഠങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പാഠ്യപദ്ധതികളും ക്ലാസ്സുകളുമിന്ന് ഭാരതമെങ്ങും നടന്നുകൊിരിക്കുന്നു. 'കൊച്ചുകുട്ടികൾ കളിക്കുമ്പോൾ പരസ്പരം സംസാരിക്കുന്ന ഭാഷയാണ് ജീവത് ഭാഷാ' എന്ന ജീവത് ഭാഷയുടെ നിർവചനത്തെ സാർത്ഥമാക്കിക്കൊ് ഇന്ന് ഭാരതത്തിൽ സംസ്കൃതം മാതൃഭാഷയായിട്ടുള്ള എത്രയോ കുടുംബങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. ഇപ്പോൾ ഇന്ത്യയിൽ പന്ത്ര് സംസ്കൃത സർവകലാശാലകളു്. നൂറ്റമ്പതിലധികം യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തരബിരുദംവരെ സംസ്കൃതാധ്യയനം നടക്കുന്നു്. അയ്യായിരത്തിലധികം സംസ്കൃതപാഠശാലകളു്. 'ദില്ലി രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ' കല്പിത സർവകലാശാലയുടെ കീഴിൽ നൂറിലധികം കോളേജുകളു്. മധ്യപ്രദേശ്, ബീഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രാഥമികവിദ്യാലയം മുതൽ സംസ്കൃതം അനിവാര്യ ഭാഷയായി പഠിപ്പിക്കുന്നു്. വിദ്യാഭാരതിയുടെ ഇരുപതിനായിരത്തലധികം സ്കൂളുകളിലൂടെ ഇരുപത്തഞ്ചുലക്ഷത്തോളം വിദ്യാർത്ഥികൾ പ്രാഥമികവിദ്യാലയം മുതൽ സംസ്കൃതം നിർബന്ധവിഷയമായി പഠിക്കുന്നു്. പത്തിലധികം കേന്ദ്രങ്ങളിലൂടെ ലക്ഷക്കണക്കിന് സംസ്കൃതപ്രേമികൾ തപാൽവഴി സംസ്കൃതം പഠിക്കുന്നു്. നൂറിലധികം സംസ്കൃതപ്രചരണ സംഘടനകൾ ഭാരതത്തിലങ്ങോളമിങ്ങോളം സംസ്കൃതപ്രചരണപരിപാടികൾ നടത്തി വരുന്നു്. അറുപതിലധികം സംസ്കൃത പത്രമാസികകൾ പ്രകാശനം ചെയ്യപ്പെടുന്നു്. ഇതുകൂടാതെ ആയുർവേദം, ജ്യോതിഷം, സംഗീതം, തന്ത്രശാസ്ത്രം, ശില്പശാസ്ത്രം, യോഗശാസ്ത്രം തുടങ്ങിയ ഭാരതീയവിദ്യകളുമായി ബന്ധപ്പെട്ടവരെല്ലാം സംസ്കൃതോൻമുഖരായി മാറിക്കൊിരിക്കുന്നു. പ്രാചീന ഭാരതത്തിന്റെ വിജ്ഞാനമേഖലയിലേക്ക് പ്രവേശിക്കുവാനുള്ള താക്കോൽ സംസ്കൃതപരിഞ്ജ്ഞാനമാണെന്നറിഞ്ഞ് എത്രയോ ആധുനിക ശാസ്ത്രജ്ഞർ സംസ്കൃതപഠനമാരംഭിച്ചു കഴിഞ്ഞു!

ആധുനികശാസ്ത്രയുഗത്തിൽ വൈജ്ഞാനികവിപ്ലവം സൃഷ്ടിക്കുന്നതിനും സംസ്കാരത്തിന്റെ അനുസ്യൂതമായ പ്രവാഹം സാധ്യമാക്കുന്നതിനും, രാഷ്ട്രൈക്യം എന്ന വിശാലചിന്താഗതിയുള്ളതും മാനവമൂല്യങ്ങളാൽ സമ്പന്നമായതും സേവനമനോഭാവമുള്ളതുമായ ജനതതിയെ വാർത്തെടുക്കുന്നതിനും, സംസ്കൃതത്തിനുള്ള പങ്ക് വിവരണാതീതമാണ്. മാനവഹൃദയങ്ങൾ രാഷ്ട്രത്തിന്റെ വേലിക്കെട്ടുകൾക്കപ്പുറം സമത്വസാഹോദര്യഭാവനയോടെ സംവദിക്കുന്നതിനുള്ള ആത്യന്തികമായ ഉപാധിയാണ് ഈ സാംസ്കൃതികഭാഷ. സംസ്കൃതഗംഗാപ്രവാഹത്തിന്റെ മാന്ത്രികശക്തിയാൽ സമസ്തമാനവരും ഗ്രാമ - രാജ്യ - രാഷ്ട്ര ചിന്തകൾക്കതീതമായി 'ലോകാഃസമസ്താഃസു

ഖിനോ ഭവന്തു' എന്ന മന്ത്രധ്വനി മുഴക്കി വിശ്വശാന്തിക്കായി ചിന്തിക്കുന്ന കാലമെത്തുമ്പോൾ മാത്രമേ ആണവയുദ്ധക്കരിനിഴലിൽ വിറങ്ങലിച്ച ലോകത്ത് ഋഷിപ്രോക്തമായ 'കൃണ്വന്തോ വിശ്വമാര്യ'മെന്ന ശാന്തിയുടെ സന്ദേശം സാക്ഷാത്കൃതമാകുകയുള്ളൂ. അതിനായി ഏകീഭൂതചിത്തരായി നമുക്കു പ്രാർത്ഥിക്കാം.

സർവേ ഭവന്തു സുഖിനഃ<br>
സർവേ സന്തു നിരാമയാഃ<br>
സർവേ ഭദ്രാണി പശ്യന്തു<br>
മാ കശ്ചിത് ദുഃഖഭാഗ് ഭവേത്<br>
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

**ഡോ.കെ.ഉണ്ണികൃഷ്ണൻ**
സാഹിത്യവിഭാഗം മേധാവി
ഗവ:സംസ്കൃതകോളേജ്